"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ക്ഷീരവികസന വകുപ്പ് - സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ **01.01.2024** മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(അച്ചടി) നം.**8/2026/DD** തീയതി,തിരുവനന്തപുരം, **13-03-2026**

---

പരാമർശം:- 1. **09.09.2025** - ലെ സ.ഉ.(സാധാ)നം.**130/2025**/ഡിഡി നമ്പർ സർക്കാർ ഉത്തരവ്.

2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ **28.02.2026** ലെ ഡിഡിഡികെഇആർ/**2532/2023**-സി**1** നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ **4**-ാമത് ശമ്പളപരിഷ്ക്കരണം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്തി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നതിനായി പരാമർശം **(1)** പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ചെയർമാനായി **17** അംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ **07/10/2025, 05/11/2025, 09/02/2026** തീയതികളിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ ചേരുകയും, തുടർന്ന് സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ നാലാം ശമ്പള പരിഷ്ക്കരണ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് പരാമർശം **(2)** പ്രകാരം ക്ഷീര വികസന വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ **1969**-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, വകുപ്പ് **80** ലെ ഉപവകുപ്പ് **(3), 1969**-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് റൂൾസ്, ചട്ടം **189** എന്നിവ പ്രകാരം സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ നാലാം ശമ്പള പരിഷ്ക്കരണത്തിന് **01.01.2024** മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ടും, സംസ്ഥാനത്തെ പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1. ക്ഷീര സംഘങ്ങളുടെ തരംതിരിക്കൽ**

സംസ്ഥാനത്തെ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളെ അവ കൈകാര്യം ചെയ്യുന്ന പാലിന്റെ അളവ്, വ്യാപാരലാഭം, വാർഷിക ടേൺ ഓവർ എന്നീ മൂന്ന് ഘടകങ്ങളെ അടിസ്ഥാനമാക്കി പാൽ സംസ്കരണ സംവിധാനങ്ങൾ (ഡയറി പ്ലാന്റ്) പ്രവർത്തിക്കാത്ത സംഘങ്ങളെ 11 ക്ലാസ്സുകളായും പാൽ സംസ്കരണ സംവിധാനങ്ങൾ (ഡയറി പ്ലാന്റ്) പ്രവർത്തിക്കുന്ന സംഘങ്ങളെ 4 ക്ലാസ്സുകളായും തരംതിരിച്ചിരിക്കുന്നു. മേൽ മൂന്ന് ഘടകങ്ങളിൽ വാർഷിക പാൽ അളവ്, ബാക്കിയുള്ള രണ്ട് ഘടകങ്ങളിൽ ഏതെങ്കിലും ഒന്ന് എന്നിവ പാലിക്കാൻ കഴിയുന്ന പ്രകാരമുള്ള ക്ലാസ്സിൽ ഓരോ പ്രാഥമിക ക്ഷീരസഹകരണ സംഘത്തെയും ഉൾപ്പെടുത്തുന്നതാണ്. ഡയറി പ്ലാൻ്റ് പ്രവർത്തിക്കുന്ന സംഘങ്ങളിൽ വർഷത്തിൽ കൈകാര്യം ചെയ്യുന്ന പാലിന്റെ അളവും, ബാക്കിയുള്ള രണ്ട് ഘടകങ്ങളിൽ ഏതെങ്കിലും ഒന്ന് എന്നരീതിയിൽ മാനദണ്ഡം കണക്കാക്കാവുന്നതാണ്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് മൂന്ന് മാസത്തിനുള്ളിൽ തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തെ പ്രവർത്തനം വിലയിരുത്തി ക്ലാസ്സ് നിർണ്ണയം യഥാവിധി നടത്തി ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ട ഉത്തരവാദിത്തം സംഘം ഭരണസമിതിക്കായിരിക്കും. സംഘങ്ങളെ തരംതിരിക്കാനുള്ള മാനദണ്ഡം **Appendix** 1 ൽ കൊടുത്തിട്ടുണ്ട്.

**2. തസ്തിക പുനർനാമകരണം**

മുൻ ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം തസ്തിക പുനർ നാമകരണം ചെയ്യാത്ത സംഘങ്ങളിൽ ആയത് നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്. പുനർ നാമകരണം ചെയ്യാതെയുള്ള തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരമുള്ള ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. കൂടാതെ, പരമ്പരാഗത സംഘങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ സ്ഥിരം ജീവനക്കാരുടെ തസ്തികകളും നിർബന്ധമായും ഈ ഉത്തരവിൽ സൂചിപ്പിച്ച സമാന തസ്തികകളിലേയ്ക്ക് പുനർ നാമകരണം ചെയ്ത് ക്ഷീരവികസനവകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ പക്കൽ നിന്ന് അംഗീകാരം വാങ്ങേണ്ടതാണ്. ഉദാ: **Vendor** തസ്തിക **Procurement Assistant/ Sales Assistant** എന്നാക്കി പുനർ നാമകരണം ചെയ്യേണ്ടതാണ്.

**3. സ്റ്റാഫ് പാറ്റേൺ**

**1969** - ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ **188** -ാമത് ചട്ടപ്രകാരം സംഘങ്ങൾക്ക് ഈ ഉത്തരവ് പ്രകാരം നിശ്ചയിച്ച് നൽകിയിട്ടുള്ള സ്റ്റാഫ് പാറ്റേണിൽ നിന്നും അധികരിച്ച് ഏതെങ്കിലും തസ്തികകൾ ആവശ്യമുള്ള

പക്ഷം ടി ചട്ടത്തിന് വിധേയമായി സംഘം ഭരണസമിതി, പൊതുയോഗം എന്നിവയുടെ തീരുമാനപ്രകാരം ക്ഷീര വികസന വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ പക്കൽ നിന്നും അനുമതി വാങ്ങേണ്ടതും വ്യവസ്ഥാപിത നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടും സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചു കൊണ്ടും നിയമനം നടത്താവുന്നതുമാണ്. ഡയറി പ്ലാന്റ്, കാറ്റിൽ ഫീഡ് പ്ലാന്റ്, ഡയറി ഫാം, പാൽ സംഭരണ കേന്ദ്രങ്ങൾ/ഡിപ്പോകൾ, സംഘം നിയമാവലി അനുശാസിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ വ്യക്തമായ സ്റ്റാഫ് പാറ്റേണും അനുബന്ധ ചട്ടങ്ങളും തയ്യാറാക്കി ക്ഷീരവികസനവകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. തസ്തികകൾക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യത **Appendix ll** ൽ ചേർത്തിട്ടുണ്ട്.

**4. മാസ്റ്റർ സ്കെയിൽ**

പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാരുടെ ശമ്പള സ്കെയിൽ നിർണ്ണയിക്കുന്നതിന് ആധാരമായ മാസ്റ്റർ സ്കെയിൽ ഇപ്രകാരമായിരിക്കും.

**10100-150-11000-200-12000-250-13250-300-15050-350-16800-400-18800-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-43650-1100-49150-1200-55150-1300-61650-1400-68650-1500-76150-1600-84150-1700-92650-1800-101650-1900-111150-2000-121150**

**5. ശമ്പളം നിർണ്ണയിക്കുന്ന വിധം**

സംഘം ജീവനക്കാരുടെ പ്രീ റിവൈസ്ഡ് സ്കെയിലിലെ ക്ഷാമബത്ത **28%** ആണ്. പ്രസ്തുത തീയതിയിലെ അടിസ്ഥാന ശമ്പളത്തോടൊപ്പം നിലവിൽ ജീവനക്കാരൻ/ജീവനക്കാർ വാങ്ങുന്ന ക്ഷാമബത്ത ലയിപ്പിക്കുക, ഇപ്രകാരം ലഭിക്കുന്ന തുകയോടൊപ്പം അടിസ്ഥാന ശമ്പളത്തിന്റെ **2%** ഫിറ്റ്മെന്റും കൂട്ടിച്ചേർത്ത് ലഭിക്കുന്ന തുക പരിഷ്ക്കരിച്ച മാസ്റ്റർ സ്കെയിലിലെ ഒരു സ്റ്റേജ് ആണെങ്കിൽ ടി തുകയിലും അല്ലെങ്കിൽ തൊട്ടടുത്ത സ്റ്റേജിലും അടിസ്ഥാന ശമ്പളമായി നിർണ്ണയിക്കേണ്ടതാണ്. ആയത് **Appendix lll.** പ്രകാരം ആയിരിക്കും.

**6. ശമ്പള സ്കെയിൽ**

സംഘങ്ങളിലെ ജീവനക്കാരുടെ പരിഷ്ക്കരിച്ച ശമ്പള സ്കെയിൽ **Appendix lV** പ്രകാരവും, നിലവിലുള്ളതും പരിഷ്കരണത്തിനു ശേഷം ഉള്ളതുമായ ശമ്പള സ്കെയിലുകൾ **Appendix V** പ്രകാരവും ആയിരിക്കും.

**7. ഓപ്ഷൻ**

പുതിയ ശമ്പള പരിഷ്കരണത്തിനായി **01.01.2024** മുതൽ **31.12.2024** വരെ (രണ്ട് ദിവസങ്ങളും ഉൾപ്പെടെ) ഉള്ള കാലയളവിലെ ഏതെങ്കിലും തീയതിയാണ് ജീവനക്കാർ ഓപ്ഷൻ തീയതിയായി സ്വീകരിക്കേണ്ടത്. ഒരിക്കൽ ഓപ്ഷൻ നൽകിയാൽ പിന്നീട് മാറ്റുന്നതിന് അനുവദിക്കുന്നതല്ല. ഈ ശമ്പള പരിഷ്കരണ ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനകം പുതിയ സ്കെയിലിൽ ഓപ്ഷൻ നല്കിയ ജീവനക്കാർക്ക് മാത്രമേ ശമ്പള പരിഷ്കരണ കുടിശ്ശികക്ക് അർഹതയുണ്ടാകുകയുള്ളൂ. ആയതിന് വിരുദ്ധമായി ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്ന പക്ഷം ടി തുക സംഘം ഭരണ സമിതിയുടെ ബാദ്ധ്യതയായിരിക്കും. മൂന്നു മാസത്തിനുള്ളിൽ ഓപ്ഷൻ തീയ്യതി സമർപ്പിക്കാത്ത ജീവനക്കാരുടെ ഓപ്ഷൻ തീയതിയായി **01.01.2024** ആയി കണക്കാക്കി പുതിയ നിരക്കിൽ ശമ്പളം സംഘം ഭരണസമിതി നിർണ്ണയിക്കേണ്ടതും അംഗീകാരത്തിനായി ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. പുതിയ സ്കെയിലിൽ ശമ്പളം നിർണ്ണയിച്ച തീയതി മുതൽ ഒരു വർഷം പൂർത്തിയാകുമ്പോഴാണ് അടുത്ത വാർഷിക ഇൻക്രിമെന്റ് ലഭിക്കുന്നത്. ഉത്തരവ് തീയതിയിലോ അതിനുശേഷമോ നടത്തിയിട്ടുള്ള എല്ലാ നിയമനങ്ങളും അതത് തസ്തികകൾക്ക് അർഹമായ പുതിയ ശമ്പള സ്കെയിലിൽ നടത്തിയതായി കണക്കാക്കുന്നതാണ്. **01.01.2024** നോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരം ശമ്പളം നൽകേണ്ടതാണ്.

**8. സർവ്വീസ് വെയിറ്റേജ്**

സർവ്വീസ് വെയിറ്റേജായി ഓരോ ഇൻക്രിമെന്റുകൾ എന്ന നിരക്കിൽ **5, 10, 15, 20** വർഷത്തെ സേവനത്തിന് പരമാവധി നാല് ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണ്.

**9. പേഴ്സണൽ പേ**

ഈ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുമ്പോൾ അടിസ്ഥാന ശമ്പളം പരമാവധി തുകയിൽ അധികരിക്കുന്ന പക്ഷം പുതുക്കിയ ശമ്പള സ്കെയിലിന്റെ പരമാവധി തുക ടി ജീവനക്കാരന്റെ അടിസ്ഥാന ശമ്പളമായി നിശ്ചയിക്കേണ്ടതും ബാക്കി വരുന്ന തുക പേഴ്സണൽ പേയായി നിലനിർത്തേണ്ടതുമാണ്. പേഴ്സണൽ പേ പിന്നീടുള്ള ശമ്പള നിർണ്ണയത്തിനും, ലീവ് സാലറിക്കും, ക്ഷാമബത്തയ്ക്കും പെൻഷനും കണക്കാക്കാവുന്നതാണ്.

**10. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്**

ശമ്പള പരിഷ്കരണത്തിന് ശേഷം വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതിന് ശമ്പള സ്കെയിലിന്റെ പരമാവധി എത്തിയതിനാൽ

ഇൻക്രിമെന്റ് അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവസാനം വാങ്ങിയ ഇൻക്രിമെന്റ് നിരക്കിൽ പ്രതിവർഷം ഒന്ന് എന്ന കണക്കിൽ ആദ്യത്തെ നാല് വർഷവും അടുത്തത് തുടർന്നുവരുന്ന രണ്ട് വർഷത്തിന് ഒരു ഇൻക്രിമെന്റിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

(പരമാവധി സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അഞ്ച് ആയിരിക്കും, അതിൽ നാലെണ്ണം വാർഷികവും അഞ്ചാമത്തേത് ഒരു ദ്വിവത്സരവും ആയിരിക്കും, സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് കൂടി ചേർത്തതിനു ശേഷമുള്ള പരമാവധി അടിസ്ഥാന ശമ്പളം പരമാവധി മാസ്റ്റർ സ്കെയിലായ **121150/-** രൂപയിൽ കവിയരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി)

**11. ക്ഷാമബത്ത**

ശമ്പള പരിഷ്ക്കരണം പ്രാബല്യത്തിൽ വരുന്ന **01-01-2024** തീയതി വരെ സർക്കാർ അനുവദിച്ച ക്ഷാമബത്തയിൽ **28%** ക്ഷാമബത്ത **(Appendix Vl)** ലയിപ്പിച്ചാണ് പരിഷ്ക്കരിച്ച ശമ്പള സ്കെയിലുകൾ നിർണ്ണയിച്ചിട്ടുള്ളത്. സർക്കാർ **4/2/2026** തിയ്യതിയിലെ **G.O.(P)No. 15/2026/FIN** ഉത്തരവ് പ്രകാരം പ്രീ റിവൈസ്ഡ് സ്കെയിലിൽ പ്രഖ്യാപിച്ച **3%** ക്ഷാമബത്ത ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന **01-01-2024**-ന് റിവൈസ്ഡ് സ്കെയിലിൽ **2%** ആയി കണക്കാക്കേണ്ടതാണ്. തുടർന്ന് കേരള സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത പ്രഖ്യാപിക്കുന്ന അവസരത്തിൽ അതേ നിരക്കിൽ ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് ക്ഷാമബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവ് ലഭിച്ചതിന് ശേഷം സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചു കൊണ്ട് ക്ഷാമബത്തയുടെ പ്രാബല്യ തീയതി മുതൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വാർഷിക വ്യാപാര ലാഭത്തിന്റെ **80** ശതമാനത്തിൽ അധികരിക്കാത്തവിധം ഭരണസമിതി ക്ഷാമബത്ത അനുവദിച്ചു കൊടുക്കേണ്ടതാണ്. ക്ഷാമബത്ത പുതുക്കുമ്പോൾ മാത്രമേ ഭരണസമിതിയുടെ അംഗീകാരം ആവശ്യമുള്ളൂ.

**12. ശമ്പള പരിഷ്കരണ ഉത്തരവിന്റെ പ്രാബല്യം**

ശമ്പള പരിഷ്കരണത്തിന് **01.01.2024** മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ക്ഷീരസഹകരണ സംഘത്തിന്റെ അപേക്ഷ പരിഗണിച്ചുകൊണ്ട് ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തേണ്ടതും അംഗീകാരം നൽകേണ്ടതും ക്ഷീരവികസന വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറാണ്. എല്ലാ ക്ഷീര സഹകരണ സംഘങ്ങളും ശമ്പള പരിഷ്കരണ ഉത്തരവ് തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കിയെന്ന് ഉറപ്പ് വരുത്തേണ്ടതും അതാത് ജില്ലയിലെ ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവാദിത്തമായിരിക്കും.

ക്ഷീരസഹകരണ സംഘം വകുപ്പ് 80 പ്രകാരമുള്ള ഈ സർക്കാർ ഉത്തരവ് നടപ്പിലാക്കുവാൻ വിമുഖത കാണിക്കുന്ന ഭരണസമിതിയുടെ നടപടി (KCS ACT ) വകുപ്പ് 32 (1) (b) പരിധിയിൽ വരുന്നതാണ്. ആയതിനാൽ മതിയായ കാരണങ്ങൾ ഇല്ലാതെ സംഘത്തിൽ ഈ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ വിമുഖത കാണിക്കുന്ന ഭരണസമിതിക്കെതിരെ കേരള സഹകരണ നിയമത്തിലെ വകുപ്പ് 32 പ്രകാരമുള്ള നടപടി ക്ഷീരവികസനവകുപ്പിന്റെ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

**13. മുൻ ശമ്പളപരിഷ്കരണം – ഒറ്റ തവണ ഇളവ് നല്കൽ**

സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്ത കാരണത്താൽ മുൻ ശമ്പള പരിഷ്കരണം/പരിഷ്കരണങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്ത പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മുൻ ശമ്പള പരിഷ്കരണ ഉത്തരവിനനുസരിച്ചുള്ള ഭരണ സമിതി അംഗീകരിച്ച ഓപ്ഷൻ ഫോമുകളും ഫിക്സേഷൻ സ്റ്റേറ്റ്മെന്റുകളും സഹിതം നാലാം ശമ്പള പരിഷ്കരണ അപേക്ഷ ജില്ല ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്. ആയത് പരിശോധിച്ച് ബോധ്യപ്പെടുന്നതനുസരിച്ച് ജില്ല ഡെപ്യൂട്ടി ഡയറക്ടർ നാലാം ശമ്പള പരിഷ്കരണം അനുവദിച്ചു നൽകേണ്ടതാണ്. ഇത്തരത്തിൽ നാലാം ഘട്ട ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ മുൻ ശമ്പള പരിഷ്കരണങ്ങളുടെ ശമ്പള കുടിശ്ശികയ്ക്ക് ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

**14. വീട്ടുവാടക അലവൻസ്**

അടിസ്ഥാന ശമ്പളത്തിന്റെ 7 ശതമാനം (മിനിമം 1000/-രൂപയും പരമാവധി 5000/- രൂപയും) വീട്ടുവാടക അലവൻസായി നൽകാവുന്നതാണ്.

**15. മെഡിക്കൽ അലവൻസ്**

ക്ഷീരസഹകരണ രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള ഉത്തരവുകൾക്ക് വിധേയമായി പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് മെഡിക്കൽ അലവൻസ് അനുവദിക്കുന്നതാണ്.

**16. കണ്ണട അലവൻസ്**

സർക്കാർ ജീവനക്കാർക്ക് ബാധകമായ നിരക്കിൽ റി-ഇമ്പേഴ്സ്മെന്റായി ക്ഷീരസംഘം ജീവനക്കാർക്ക് കണ്ണട അലവൻസ് നൽകാവുന്നതാണ്.

**17. ഹിൽ - ട്രാക്ക് അലവൻസ്**

സർക്കാർ വിജ്ഞാപന പ്രകാരം ഹിൽ ട്രാക്ക് അലവൻസ് അനുവദനീയമായ പ്രദേശങ്ങളിലെ എല്ലാ ക്ഷീരസംഘം ജീവനക്കാർക്കും പ്രതിമാസം 400/- രൂപ ഹിൽ ട്രാക്ക് അലവൻസായി അനുവദിക്കാവുന്നതാണ്.

**18. പ്രൊഡക്ഷൻ ആന്റ് പ്രൊക്യൂർമെന്റ് എൻഹാൻസ്മെന്റ് അലവൻസ്**

ഈ ഉത്തരവ് പ്രകാരം ശമ്പളം നിർണ്ണയിച്ചശേഷം, ശമ്പളം നിർണ്ണയിച്ച മാസത്തിൽ ഉണ്ടായിരുന്ന പാൽ സംഭരണത്തെക്കാൾ തൊട്ടടുത്തമാസം കൂടുതലായി സംഭരിക്കപ്പെടുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ എന്ന നിരക്കിൽ തുക കണക്കാക്കി ടി തുക ജീവനക്കാരുടെ അടിസ്ഥാന ശമ്പള റേഷ്യോയ്ക്ക് അനുസൃതമായി പ്രൊഡക്ഷൻ ആന്റ് പ്രൊക്യൂർമെന്റ് എൻഹാൻസ്മെന്റ് അലവൻസായി ജീവനക്കാർക്ക് നൽകാവുന്നതാണ്. ഇതിനായി ഓരോ മാസവും ഭരണസമിതി പാൽ സംഭരണം വിലയിരുത്തേണ്ടതാണ്, ഓരോ മാസവും തൊട്ടു മുൻപുള്ള മാസത്തെ പാൽ സംഭരണത്തേക്കാൾ അധികരിച്ച പാലാണ് അലവൻസിനായി പരിഗണിക്കേണ്ടത്. തൻമാസ സംഭരണം, ശമ്പളം നിർണ്ണയിച്ച മാസത്തെ പാൽ സംഭരണത്തേക്കാൾ കുറവാകുന്നതോടെ ജീവനക്കാർക്ക് ഈ അലവൻസ് നഷ്ടമാകുന്നതാണ്. പാൽ സംഭരണം വർദ്ധിച്ചു എന്നു വരുത്തുവാൻ അനാരോഗ്യകരമായ ഇടപെടലുകൾ നടക്കാൻ ഇടയുള്ളതുകൊണ്ട് പാൽ സംഭരണം വർദ്ധിക്കുമ്പോൾ പാലിന്റെ ഗുണമേന്മ കുറയുന്നില്ലെന്നും പാൽ സംഭരണ വർദ്ധനവിനനുസൃതമായ വാർഷിക വിറ്റു വരവ്, വ്യാപാര ലാഭം എന്നിവ കൂടി വർദ്ധിക്കുന്നുണ്ടെന്നും ഭരണ സമിതി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

**19. വാർഷിക എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ**

ക്ഷീരസഹകരണ സംഘങ്ങളുടെ വാർഷിക എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വ്യാപാര ലാഭത്തിന്റെ 80 ശതമാനത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല. അടിസ്ഥാന ശമ്പളം, സ്പെഷ്യൽ പേ, പേഴ്സണൽ പേ, ഡി.എ, സംഘം വക പി.എഫ് വിഹിതം / പെൻഷൻ ഫണ്ട് വിഹിതം, ഗ്രാറ്റുവിറ്റി വിഹിതം, വെൽഫെയർ ഫണ്ട് വിഹിതം, ലീവ് സറണ്ടർ, അഡ്ഹോക്ക് ബോണസ്, മെഡിക്കൽ അലവൻസ്, ഹോളിഡേ വേജസ്, ഡെയിലി വേജസ്, എക്സ്ഗ്രേഷ്യാ പേയ്മെന്റ്, മറ്റ് അലവൻസുകൾ തുടങ്ങിയവ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളിൽപ്പെടും.

ഓരോ ആറ് മാസം കൂടുമ്പോഴും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വിലയിരുത്തേണ്ടതും ആയത് അനുവദനീയ പരിധിക്കുള്ളിലാണെന്ന് ബോധ്യപ്പെടേണ്ടതും ആയതനുസരിച്ച് ക്രമീകരണങ്ങൾ നടപ്പിലാക്കേണ്ടതും അതാത് ക്ഷീരസഹകരണ സംഘം ഭരണസമിതിയുടെ ബാദ്ധ്യതയാണ്. ഈ ഇനത്തിലുള്ള അധികച്ചെലവുകൾക്ക് ഭരണസമിതി മാത്രമായിരിക്കും

ഉത്തരവാദി. ഈ ഇനത്തിൽ അധികരിച്ച് ചെലവാകുന്ന തുക അതാത് സമയത്തെ ഭരണ സമിതി അംഗങ്ങളിൽ നിന്നും ഈടാക്കുന്നതാണ്.

ജീവനക്കാരൻ സർവീസിൽ നിന്നും വിരമിക്കുമ്പോൾ നൽകേണ്ട ആനുകൂല്യങ്ങൾക്ക് അതാത് വർഷം കരുതൽ വയ്ക്കേണ്ടതാണ്. സഹകരണ പെൻഷൻ ഫണ്ട്, വെൽഫെയർ ഫണ്ട്, ഗ്രാറ്റുവിറ്റി മുതലായവ യഥാവിധം അടവാക്കാത്തതിനാൽ ജീവനക്കാരൻ വിരമിക്കുന്ന അവസരത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഡിമാൻഡ് നോട്ടീസ് പ്രകാരം തുക ഒരുമിച്ച് അടവാക്കേണ്ടി വന്നാൽ അപ്രകാരമുള്ള തുകയും ബന്ധപ്പെട്ട വർഷത്തെ എസ്റ്റാബ്ലിഷ്മെൻറ് ചെലവായി പരിഗണിക്കുന്നതും. മേൽ സാഹചര്യം മൂലം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ 80% ത്തിൽ അധികരിച്ചാൽ ക്ഷീരസഹകരണ സംഘത്തിൽ ഉണ്ടായാൽ ആയത് അതാത് സമയത്തെ ഭരണസമിതിയുടേയും സെക്രട്ടറിയുടേയും ബാധ്യതയാകുന്നതുമാണ്

**20. സൂപ്പർന്യൂമററി തസ്തികകൾ**

ഈ ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ജീവനക്കാർ ഏതെങ്കിലും തസ്തികകളിൽ നിലവിലുള്ള പക്ഷം അധികമായുള്ള തസ്തികകൾ സൂപ്പർ ന്യൂമററിയായി കണക്കാക്കുന്നതാണ്.

**21. ആനുകൂല്യങ്ങൾക്ക് സംരക്ഷണം**

1969-ലെ കേരള സഹകരണ സംഘം നിയമം, ചട്ടം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുന്നതാണ്. എന്നാൽ തെറ്റായി കണക്ക് കൂട്ടിയത് മൂലമോ, ശമ്പളനിർണ്ണയത്തിലെ പിഴവ് മൂലമോ അനർഹമായ ശമ്പളം കൈപ്പറ്റുന്നവരുടെ കാര്യത്തിൽ കൈപ്പറ്റിയ ശമ്പളത്തിന് സംരക്ഷണം ലഭിക്കുന്നതല്ല. അപ്രകാരം തുക അധികമായി അനുവദിച്ചിട്ടുള്ളത് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ സംഘത്തിലേക്ക് ഈടാക്കേണ്ടത് സംഘം ഭരണസമിതിയുടെ ഉത്തരവാദിത്തമാണ്.

**22. സമയബന്ധിത ഗ്രേഡ് പ്രമോഷൻ**

(a) പ്രൊക്യൂർമെന്റ് അസിസ്റ്റന്റ്, സെയിൽസ് അസിസ്റ്റന്റ്, അറ്റൻഡർ, പ്യൂൺ, ക്ലീനർ തുടങ്ങിയ സബ് സ്റ്റാഫിന് പൂർത്തിയാക്കിയ 8, 15, 22, 27 വർഷങ്ങളിലെ സേവനത്തിന് ഓരോന്നുവീതം ആകെ നാല് ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ്. പ്രൊമോഷൻ സാധ്യത ഇല്ലാത്ത സെക്രട്ടറി തസ്തിക ഉൾപ്പെടെ സബ് സ്റ്റാഫിന് മുകളിലുള്ള തസ്തികകൾക്ക് 8, 15, 22, വർഷങ്ങളിലെ സേവനത്തിന് ഓരോന്നുവീതം ആകെ മൂന്ന് ഹയർ ഗ്രേഡുകൾ അനുവദിക്കാവുന്നതാണ്.

സബ് സ്റ്റാഫ് (ക്ലറിക്കൽ തസ്തികയ്ക്ക് താഴെയുള്ള) വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് "എൻട്രി തസ്തിക" മുതൽ നാല് ഹയർ ഗ്രേഡിനോ/പ്രൊമോഷനോ മാത്രമാണ് അർഹത ഉള്ളത്, ക്ലറിക്കൽ വിഭാഗം മുതൽ മുകളിലുള്ള ജീവനക്കാർക്ക് മൂന്ന് ഹയർ ഗ്രേഡിനോ/പ്രൊമോഷനോ മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളു .

(b). പരിഷ്കരിച്ച ശമ്പള സ്കെയിലിലുള്ള ഹയർ ഗ്രേഡ് **സ്കെയിലുകൾ Appendix Vll-A, Appendix Vll-B, Appendix Vll-C** എന്നിവയിൽ കൊടുത്തിട്ടുണ്ട്. ജീവനക്കാർക്ക് അവർ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന ശമ്പളസ്കെയിലിൽ ഹയർ ഗ്രേഡ് അനുവദിച്ചു നൽകുന്നതാണ്. ജീവനക്കാർക്ക് അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതലുള്ള സേവനകാലം സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷന് അർഹതയുണ്ടായിരിക്കുന്നതാണ്. ബന്ധപ്പെട്ട സംഘം ഭരണസമിതി ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടതും ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി വാങ്ങേണ്ടതുമാണ്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയ ജീവനക്കാരന്റെ അപേക്ഷയിന്മേൽ ഹയർഗ്രേഡിന് അർഹത പരിശോധിച്ച ശേഷം മാത്രമേ ഹയർ ഗ്രേഡ് അനുവദിക്കുവാൻ പാടുള്ളൂ.

ഹയർഗ്രേഡ് അനുവദിക്കുമ്പോൾ വാർഷിക എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വ്യാപാര ലാഭത്തിന്റെ 80 ശതമാനത്തിൽ അധികരിക്കുന്നില്ല എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

**23. ശമ്പള പരിഷ്കരണത്തിൽ നിന്ന് ഒഴിവാക്കൽ**

സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ കഴിയാത്ത ക്ഷീരസഹകരണ സംഘങ്ങൾക്ക് ശമ്പള പരിഷ്കരണത്തിൽ നിന്നും ഒഴിവാക്കുന്നതിന് ഭരണസമിതി തീരുമാനിച്ച് കാര്യകാരണസഹിതം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നല്കാവുന്നതും ആയത് പരിശോധിച്ച് ശരിയെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിൽ നിന്ന് താത്കാലികമായ ഇളവ് നല്കാവുന്നതുമാണ്.

**24. ക്ലാസ്സ് മാറ്റം - ശമ്പള നിർണ്ണയം**

ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് മൂന്ന് മാസത്തിനുള്ളിൽ തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തെ പ്രവർത്തനം വിലയിരുത്തി സംഘത്തിന്റെ ക്ലാസ്സ് നിശ്ചയിച്ച് ക്ഷീരവികസനവകുപ്പ് ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ട ഉത്തരവാദിത്തം സംഘം ഭരണസമിതിക്കായിരിക്കും.

**താഴ്ന്ന ക്ളാസിൽ നിന്ന് ഉയർന്ന ക്ളാസിലേയ്ക്ക് മാറുമ്പോൾ,**

- താഴ്ന്ന ക്ളാസിൽ വാങ്ങിയിരുന്ന അടിസ്ഥാന ശമ്പളത്തേക്കാൾ കൂടുതലാണ് ഉയർന്ന ക്ളാസിന്റെ സ്കെയിലിലെ മിനിമം എങ്കിൽ, ആ തുക അടിസ്ഥാന ശമ്പളമായി ഫിക്സ് ചെയ്യേണ്ടതാണ്. താഴ്ന്ന ക്ളാസിൽ വാങ്ങിയിരുന്ന അടിസ്ഥാന ശമ്പളത്തേക്കാൾ കുറവാണ് ഉയർന്ന ക്ളാസിന്റെ സ്കെയിലിലെ മിനിമം എങ്കിൽ വാങ്ങിയിരുന്ന അടിസ്ഥാന ശമ്പളത്തോടോപ്പം ഉയർന്ന സ്കെയിലിലെ ഒരു ഇൻക്രിമെന്റിനു കൂടി അർഹതയുണ്ടായിരിക്കുന്നതാണ്.

- ഇപ്രകാരം ഉയർന്ന ശമ്പള സ്കെയിലിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കപ്പെട്ട ജീവനക്കാരന് അയാൾ താഴ്ന്ന ക്ളാസിൽ തുടർന്നു വന്നിരുന്നെങ്കിൽ ഏതു തീയതിയ്ക്കാണോ വാർഷിക ഇൻക്രിമെന്റ് ലഭിക്കുമായിരുന്നത് ആ തീയതിയിൽ തന്നെ ഉയർന്ന ശമ്പള ക്ളാസിലും വാർഷിക ഇൻക്രിമെന്റ് നൽകേണ്ടതാണ്.

**ഉയർന്ന ക്ളാസിൽ നിന്ന് താഴ്ന്ന ക്ളാസിലേയ്ക്ക് മാറുമ്പോൾ,**

- ഉയർന്ന ക്ലാസ്സിൽ ജീവനക്കാർ വാങ്ങിയിട്ടുള്ള അടിസ്ഥാന ശമ്പളത്തിൽ നിന്നും അവസാനം വാങ്ങിയ ഇൻക്രിമെന്റ് കുറവ് ചെയ്ത് കിട്ടുന്ന തുക താഴ്ന്ന ക്ലാസ്സിലെ അടിസ്ഥാന ശമ്പളമായി നിർണയിക്കേണ്ടതാണ്.

- ഇപ്രകാരം താഴ്ന്ന ശമ്പള സ്കെയിലിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കപ്പെട്ട ജീവനക്കാരന് അയാൾ ഉയർന്ന ക്ളാസിൽ തുടർന്നു വന്നിരുന്നെങ്കിൽ ഏതു തീയതിയ്ക്കാണോ വാർഷിക ഇൻക്രിമെന്റ് ലഭിക്കുമായിരുന്നത് ആ തീയതിയിൽ തന്നെ താഴ്ന്ന ശമ്പള ക്ളാസിലും വാർഷിക ഇൻക്രിമെന്റ് നൽകേണ്ടതാണ്.

പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ നിലനിൽപ്പിനെ ഒരു തരത്തിലും ബാധിക്കാത്ത തരത്തിൽ മാത്രമേ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ പാടുള്ളൂ. ഏതെങ്കിലും ക്ഷീരസംഘങ്ങൾക്ക് നിശ്ചിത നിരക്കിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ ആവശ്യമായ വരുമാനം ഇല്ലാതെ വരുന്ന സന്ദർഭങ്ങളിൽ അതത് സംഘത്തിന്റെ ഭരണസമിതികൾക്ക് സംഘം ജീവനക്കാരുടെ ശമ്പളം തൊട്ടു താഴെയുള്ള നിരക്കിലേക്ക് ക്ഷാമബത്ത ക്രമീകരിച്ച് ക്ഷീരവികസനവകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ മാറ്റി നിശ്ചയിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ക്ലാസ്സ് മാറ്റം ആവശ്യമായി വരുന്നെങ്കിൽ മതിയായ ഫീസ് അടച്ച് ക്ഷീരവികസനവകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

**25. ക്ലാസ്സ് 9 ലെ ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള നിർണ്ണയം**

തരംതിരിക്കലിന്റെ അടിസ്ഥാനത്തിൽ ഏറ്റവും അവസാനം വരുന്ന ക്ലാസ് **9** ന് ഈ ഉത്തരവിൽ ശമ്പള സ്കെയിലുകളും മൂന്ന് ജീവനക്കാരെയും ഉൾപ്പെടുത്തിനല്കിയിട്ടുണ്ടെങ്കിലും, അത്തരത്തിൽ ശമ്പളം നൽകുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും സാമ്പത്തികമായി ബുദ്ധിമുട്ട് നേരിടുന്ന സംഘങ്ങൾക്ക് ക്ഷീരവികസന വകുപ്പിന്റെ അതാതു ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ, സംഘം ഭരണസമിതികളുമായി ആലോചിച്ച് ശമ്പളവും ജീവനക്കാരെയും നിശ്ചയിക്കാവുന്നതാണ്. ഇത്തരം ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിക്കാതെ കൺസോളിഡേറ്റഡ് തുക നിശ്ചയിച്ച് നൽകാവുന്നതാണ്. ക്ലാസ്സ് ഉയരുമ്പോൾ ഈ തുക ശമ്പള നിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. ഇവരുടെ പേ പുതിയ സ്കെയിലിന്റെ മിനിമത്തിൽ ഫിക്സ് ചെയ്യുന്നതാണ്.

**26.** ഈ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിന് **01.01,2024** മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ശമ്പള പരിഷ്കരണ ഉത്തരവ് തീയതി മുതൽ ആറു മാസത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളും ശമ്പള പരിഷ്കരണം നടപ്പിലാക്കിയെന്ന് ഉറപ്പ് വരുത്താനുള്ള ചുമതല ക്ഷീരസഹകരണ സംഘങ്ങളുടെ രജിസ്ട്രാർ എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
ജില്ല ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർമാർ, ക്ഷീരവികസന വകുപ്പ് (ക്ഷീരവികസന വകുപ്പ് ഡയറക്ടർ മുഖേന)
എല്ലാ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവുമാർക്ക് (ക്ഷീരവികസന വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
സെക്ഷൻ ഓഫീസർ
M Noushad
Date: 13-03-2026 16:32:47

## APPENDIX I

### Classification according to Annual Milk Purchase, Annual Turn Over and Trade Profit

### (Societies without operational dairy processing facilities)

| CLASS | LPD RANGE (LITRES) | ANNUAL MILK PURCHASE (LITRES) | ANNUAL TURN OVER (Lakh Rs) | ANNUAL TRADE PROFIT(Lakh Rs) |
|---|---|---|---|---|
| CLASS 1 Special Grade A | 15001 AND ABOVE | ABOVE 5475000 | ABOVE 2300 | ABOVE 230 |
| CLASS 1 Special Grade B | 10001-15000 | Above 3650000 & Up to 5475000 | Above 1500 & Up to 2300 | Above 150 & Up to 230 |
| CLASS 1 | 7501-10000 | Above 2737500 & Up to 3650000 | Above 1150 & Up to 1500 | Above 115 & Up to 150 |
| CLASS 2 | 5001-7500 | Above 1825000 & Up to 2737500 | Above 770 & Up to 1150 | Above 77 & Up to 115 |
| | | Above | | |

| | | | | |
|---|---|---|---|---|
| CLASS 3 | 3001-5000 | 1095000& Up to 1825000 | Above 460 & Up to 770 | Above 46 & Up to 77 |
| CLASS 4 | 1501-3000 | Above 547500 & Up to 1095000 | Above 230 & Up to 460 | Above 23 & Up to 46 |
| CLASS 5 | 1001-1500 | Above 365000 & Up to 547500 | Above 150 & Up to 230 | Above 15 & Up to 23 |
| CLASS 6 | 801-1000 | Above 292000 & Up to 365000 | Above 120 & Up to 150 | Above 12 & Up to 15 |
| CLASS 7 | 501-800 | Above 182500 & Up to 292000 | Above 70 & Up to 120 | Above 7 & Up to 12 |
| CLASS 8 | 201-500 | Above 73000 & Up to 182500 | Above 30 & Up to 70 | Above 3& Up to 7 |
| CLASS 9 | 200 & BELOW | Up to 73000 | Above Up To 30 | Up to 3 |

**(Societies with operational dairy processing facilities)**

| CLASS | LPD RANGE (HANDLING) (LITRES) | ANNUAL MILK HANDLING (LITRES) | ANNUAL TURN OVER (Lakh Rs) | ANNUAL TRADE PROFIT(Lakh Rs) |
|---|---|---|---|---|
| CLASS 1<br>Super Grade | 15001 AND ABOVE | ABOVE 5475000 | ABOVE 2300 | ABOVE 230 |
| CLASS 2<br>Super Grade | 10001 - 15000 | Above 3650000 &<br>Up to 5475000 | Above 1500 &<br>Up to 2300 | Above 150 &<br>Up to 230 |
| CLASS 3<br>Super Grade | 7501-10000 | Above 2737500 &<br>Up to 3650000 | Above 1150 &<br>Up to 1500 | Above 115 &<br>Up to 150 |
| CLASS 4<br>Super Grade | 5001-7500 | Above 1825000 &<br>Up to 2737500 | Above 770 &<br>Up to 1150 | Above 77 &<br>Up to 115 |

**APPENDIX 1l**

## ക്ഷീരസഹകരണ സംഘങ്ങളിലെ തസ്തികകളും വിദ്യാഭ്യാസ യോഗ്യതയും

| ക്രമം നം | തസ്തികയുടെ പേര് | വിദ്യാഭ്യാസ യോഗ്യത |
|---|---|---|
| 1 | സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി ബ്രാഞ്ച് സൂപ്പർവൈസർ | കേരള സഹകരണ സംഘം ചട്ടങ്ങളിലെ 186 -ാം ചട്ടം പ്രകാരം. ഈ യോഗ്യതയില്ലാത്ത വരുടെ കാര്യത്തിൽ SSLC + JDC |
| 2 | ടെക്നിക്കൽ സൂപ്പർവൈസർ (പ്ലാന്റ്) | ഡയറി ടെക്നോളജി വിഷയത്തിലുള്ള ഡിഗ്രി |
| 3 | ടെക്നിക്കൽ സൂപ്പർവൈസർ (ലാബ്) | ഡയറി ടെക്നോളജി വിഷയത്തിലുള്ള ഡിഗ്രി |
| 4 | ടെക്നിക്കൽ സൂപ്പർവൈസർ (ഫാം) | ഡയറി ടെകനോളജി / ഡയറി ഹസ്ബൻട്രി വിഷയത്തിലുള്ള ഡിഗ്രി |
| 5 | മാർക്കറ്റിങ്ങ് ഓഫീസർ | MBA/BBA + 3 വർഷത്തെ മാർക്കറ്റിംഗ് മേഖലയിലെ പ്രവർത്തി പരിചയം |
| 6 | മാർക്കറ്റിങ്ങ് അസിസ്റ്റന്റ് | ഏതെങ്കിലും വിഷയത്തിൽ ഏതെങ്കിലും സർവകലാശാലയിൽ നിന്നുമുള്ള റെഗുലർ ബിരുദം + 2 വർഷത്തെ മാർക്കറ്റിംഗ് മേഖലയിലെ പ്രവർത്തി പരിചയം |
| 7 | ജൂനിയർ ക്ലാർക്ക് / വെൽഫെയർ ഓഫീസർ / കാഷ്യർ | കേരള സഹകരണ സംഘം ചട്ടം 186 പ്രകാരം ഈ യോഗ്യതയില്ലാത്ത വരുടെ കാര്യത്തിൽ SSLC + JDC |
| 8 | ലാബ് ടെക്നീഷ്യൻ | VHSE (M and MP) –യിൽ വിജയം അല്ലെങ്കിൽ പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു വിജയം |
|  |  |  |

| | | |
|---|---|---|
| **9** | ലാബ് അസിസ്റ്റന്റ് | SSLC വിജയം/തത്തുല്യ യോഗ്യത (ബിരുദധാരി ആയിക്കരുത്) |
| **10** | പ്ലാന്റ് ഓപ്പറേറ്റർ | SSLC വിജയം + രണ്ട് വർഷം ITI സർട്ടിഫിക്കറ്റ് + 3 വർഷത്തെ പ്ലാന്റിലെ പ്രവർത്തി പരിചയം |
| **11** | ബോയിലർ ഓപ്പറേറ്റർ | SSLC വിജയം + രണ്ട് വർഷം ITI സർട്ടിഫിക്കറ്റ് + 3 വർഷത്തെ പ്രവർത്തി പരിചയം |
| **12** | പ്ലാന്റ് അസിസ്റ്റന്റ് | SSLC വിജയം/തത്തുല്യ യോഗ്യത (ബിരുദധാരി ആയിരിക്കരുത്) |
| **13** | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | SSLC വിജയം + D.C.A. വിജയം |
| **14** | പ്രോക്യൂർമെന്റ് അസിസ്റ്റന്റ് / സെയിൽസ് അസിസ്റ്റന്റ് | ഒമ്പതാം ക്ലാസിൽ നിന്നുള്ള വിജയം |
| **15** | അറ്റൻഡർ / പ്യൂൺ | എഴാം ക്ലാസിൽ നിന്നുള്ള വിജയം |
| **16** | ക്ലീനർ | അഞ്ചാം ക്ലാസിൽ നിന്നുള്ള വിജയം |

## APPENDIX lll

| നാലാം ഘട്ട ശമ്പള ഫിക്സേഷൻ | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | നിലവിലുള്ള ശമ്പള സ്കെയിൽ | നിലവിലുള്ള അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത (28 %) | ക്ഷാമ ബത്ത ലയിപ്പിച്ചതിനു ശേഷമുള്ള അടിസ്ഥാന ശമ്പളം | ഫിറ്റ്മെന്റ് (2%) | ഫിറ്റ്മെന്റ് ചേർത്തതിനു ശേഷമുള്ള അടിസ്ഥാന ശമ്പളം | അടുത്ത സ്റ്റേജ് |
| 1 | 7750-14800 | 7750 | 2170 | 9920 | 155 | 10075 | 10100 |
| 2 | 8500-17900 | 8500 | 2380 | 10880 | 170 | 11050 | 11200 |
| 3 | 8650-18900 | 8650 | 2422 | 11072 | 173 | 11245 | 11400 |
| 4 | 8950-19400 | 8950 | 2506 | 11456 | 179 | 11635 | 11800 |
| 5 | 9100-20000 | 9100 | 2548 | 11648 | 182 | 11830 | 12000 |
| 6 | 9250-20600 | 9250 | 2590 | 11840 | 185 | 12025 | 12250 |
| 7 | 9450-21200 | 9450 | 2646 | 12096 | 189 | 12285 | 12500 |
| 8 | 9650-21800 | 9650 | 2702 | 12352 | 193 | 12545 | 12750 |
| 9 | 10050-22400 | 10050 | 2814 | 12864 | 201 | 13065 | 13250 |
| 10 | 10250-23100 | 10250 | 2870 | 13120 | 205 | 13325 | 13550 |
| 11 | 10500-23800 | 10500 | 2940 | 13440 | 210 | 13650 | 13850 |
| 12 | 10750-24500 | 10750 | 3010 | 13760 | 215 | 13975 | 14150 |
| 13 | 11000-25900 | 11000 | 3080 | 14080 | 220 | 14300 | 14450 |
| 14 | 11250-26700 | 11250 | 3150 | 14400 | 225 | 14625 | 14750 |
| 15 | 11500-27500 | 11500 | 3220 | 14720 | 230 | 14950 | 15050 |
| 16 | 11800-28300 | 11800 | 3304 | 15104 | 236 | 15340 | 15400 |
| 17 | 12100-29900 | 12100 | 3388 | 15488 | 242 | 15730 | 15750 |
| 18 | 12400-30800 | 12400 | 3472 | 15872 | 248 | 16120 | 16450 |
| 19 | 13000-3260 | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 0 | 13000 | 3640 | 16640 | 260 | 16900 | 17200 |
| 20 | 13360-3440<br>0 | 13360 | 3741 | 17101 | 267 | 17368 | 17600 |
| 21 | 13720-3540<br>0 | 13720 | 3842 | 17562 | 274 | 17836 | 18000 |
| 22 | 14080-3640<br>0 | 14080 | 3942 | 18022 | 282 | 18304 | 18400 |
| 23 | 14440-3840<br>0 | 14440 | 4043 | 18483 | 289 | 18772 | 18800 |
| 24 | 14800-3940<br>0 | 14800 | 4144 | 18944 | 296 | 19240 | 19250 |
| 25 | 15220-4050<br>0 | 15220 | 4262 | 19482 | 304 | 19786 | 20150 |
| 26 | 17400-4610<br>0 | 17400 | 4872 | 22272 | 348 | 22620 | 23130 |
| 27 | 23800-6590<br>0 | 23800 | 6664 | 30464 | 476 | 30940 | 30950 |
| 28 | 25900-6890<br>0 | 25900 | 7252 | 33152 | 518 | 33670 | 34150 |
| 29 | 29900-7830<br>0 | 29900 | 8372 | 38272 | 598 | 38870 | 39650 |
| 30 | 32600-8500<br>0 | 32600 | 9128 | 41728 | 652 | 42380 | 42650 |
| 31 | 34400-8670<br>0 | 34400 | 9632 | 44032 | 688 | 44720 | 44750 |
| 33 | 35400-8840<br>0 | 35400 | 9912 | 45312 | 708 | 46020 | 46950 |
| 34 | 36400-8840<br>0 | 36400 | 10192 | 46592 | 728 | 47320 | 48050 |
| 35 | 38400-8840<br>0 | 38400 | 10752 | 49152 | 768 | 49920 | 50350 |

## APPENDIX IV

| CLASS , DESIGNATION, PAY SCALE | | | | |
|---|---|---|---|---|
| SL NO | DESIGNATION | PRE REVISED SCALE | REVISED SCALE | NO OF POSTS |
| CLASS 1 – Special Grade (15001 AND ABOVE LPD) | | | | |
| | NON TECHNICAL | | | |
| 1 | SECRETARY | 32600-85000 | 42650-111150 | 1 |
| 2 | SR. CLERK | 14800-39400 | 19250-51550 | 2 |
| 3 | JR. CLERK | 14080-36400 | 18400-48050 | 2 |
| 4 | LAB TECHNICIAN | 14800-39400 | 19250-51550 | 1 |
| 5 | DATA ENTRY OPERATOR | 12100-29900 | 15750-39650 | 1 |
| 6 | LAB ASSISTANT | 11800-28300 | 15400-36850 | 3 |
| 7 | PROC. ASSISTANT/ SALES ASSISTANT | 11000-25900 | 14450-34150 | 10 |
| 8 | ATTENDER/PEON | 10250-23100 | 13550-30150 | 1 |
| 9 | CLEANER | 10500-23800 | 13850-30950 | 2 |
| | TOTAL POSTS | | | 23 |
| CLASS 2 - Special Grade (10001 - 15000 LPD) | | | | |
| | NON TECHNICAL | | | |
| 1 | SECRETARY | 29900-78300 | 39650-103550 | 1 |
| 2 | SR. CLERK | 14440-38400 | 18800-50350 | 2 |
| 3 | JR. CLERK | 13720-35400 | 18000-46950 | 2 |
| 4 | LAB TECHNICIAN | 14440-38400 | 18800-50350 | 1 |
| 5 | DATA ENTRY OPERATOR | 11800-28300 | 15400-36850 | 1 |
| 6 | LAB ASSISTANT | 11500-27500 | 15050-35950 | 3 |
| 7 | PROC. ASSISTANT/ SALES ASSISTANT | 10750-24500 | 14150-32550 | 8 |
| 8 | ATTENDER/PEON | 10500-23800 | 13850-30950 | 1 |
| 9 | CLEANER | 9650-21800 | 12750-28750 | 2 |
| | TOTAL POSTS | | | 21 |
| CLASS 1 (7501 - 10000 LPD) | | | | |
| | NON TECHNICAL | | | |
| 1 | SECRETARY | 23800-65900 | 30950-85850 | 1 |
| 2 | SR. CLERK | 13720-35400 | 18000-46950 | 1 |

| | | | | |
|---|---|---|---|---|
| 3 | JR. CLERK | 13000-32600 | 17200-42650 | 2 |
| 4 | DATA ENTRY OPERATOR | 11500-27500 | 15050-35950 | 1 |
| 5 | LAB ASSISTANT | 11250-26700 | 14750-35050 | 2 |
| 6 | PROC. ASSISTANT/ SALES ASSISTANT | 10500-23800 | 13850-30950 | 4 |
| 7 | ATTENDER/PEON | 9650-21800 | 12750-28750 | 1 |
| 8 | CLEANER | 9450-21200 | 12500-28050 | 2 |
| | TOTAL POSTS | | | 14 |
| CLASS 2 (5001 - 7500 LPD) | | | | |
| | NON TECHNICAL | | | |
| 1 | SECRETARY | 17400-48500 | 23130-63050 | 1 |
| 2 | SR. CLERK | 13360-34400 | 17600-44750 | 1 |
| 3 | JR. CLERK | 12400-30800 | 16450-40650 | 1 |
| 4 | DATA ENTRY OPERATOR | 11250-26700 | 14750-35050 | 1 |
| 5 | LAB ASSISTANT | 11000-25900 | 14450-34150 | 2 |
| 6 | PROC. ASSISTANT/ SALES ASSISTANT | 10500-23800 | 13850-30950 | 4 |
| 7 | ATTENDER/PEON | 9450-21200 | 12500-28050 | 1 |
| 8 | CLEANER | 9250+20600 | 12250-27350 | 1 |
| | TOTAL POSTS | | | 12 |
| CLASS 3 (3001 - 5000 LPD) | | | | |
| | NON TECHNICAL | | | |
| | SECRETARY | 15220-40500 | 20150-52750 | 1 |
| | JR. CLERK/WELFARE OFFICER | 12100-29900 | 15750-39650 | 1 |
| | LAB ASSISTANT | 10500-23800 | 13250-29450 | 1 |
| | PROC. ASSISTANT/ SALES ASSISTANT | 9450-21200 | 12500-28050 | 4 |
| | CLEANER | 9100-20000 | 12000-26050 | 1 |
| | TOTAL POSTS | | | 8 |
| CLASS 4 (1501 - 3000 LPD) | | | | |
| | NON TECHNICAL | | | |
| | SECRETARY | 13360-34400 | 17600-44750 | 1 |
| | JR. CLERK/WELFARE OFFICER | 11500-27500 | 15050-35950 | 1 |
| | LAB ASSISTANT | 10500-23800 | 13850-30950 | 1 |
| | PROC. ASSISTANT/ SALES | 9250+20600 | 12250-27350 | 2 |

| | | | | |
|---|---|---|---|---|
| | ASSISTANT | [illegible] | [illegible] | 2 |
| | CLEANER | 8950-19400 | 11800-25450 | 1 |
| | **TOTAL POSTS** | | | **6** |
| **CLASS 5 (1001 - 1500 LPD)** | | | | |
| | **NON TECHNICAL** | | | |
| | SECRETARY | 12100-29900 | 15750-39650 | 1 |
| | LAB ASSISTANT | 9450-21200 | 12500-28050 | 1 |
| | PROC. ASSISTANT/ SALES ASSISTANT | 9100-20000 | 12000-26050 | 2 |
| | CLEANER | 8650-18900 | 11400-24850 | 1 |
| | **TOTAL POSTS** | | | **5** |
| **CLASS 6 (801 - 1000 LPD)** | | | | |
| | **NON TECHNICAL** | | | |
| | SECRETARY | 11500-27500 | 15050-35950 | 1 |
| | LAB ASSISTANT | 9250+20600 | 12250-27350 | 1 |
| | PROC. ASSISTANT/ SALES ASSISTANT | 8950-19400 | 11800-25450 | 1 |
| | CLEANER | 8500-17900 | 11200-23650 | 1 |
| | **TOTAL POSTS** | | | **4** |
| **CLASS 7 (501 - 800 LPD)** | | | | |
| | **NON TECHNICAL** | | | |
| | SECRETARY | 11000-25900 | 14450-34150 | 1 |
| | LAB ASSISTANT | 9100-20000 | 12000-26050 | 1 |
| | PROC. ASSISTANT/ SALES ASSISTANT | 8650-18900 | 11400-24850 | 1 |
| | **TOTAL POSTS** | | | **3** |
| **CLASS 8 (201 - 500 LPD)** | | | | |
| | **NON TECHNICAL** | | | |
| | SECRETARY | 10500-23800 | 13850-30950 | 1 |
| | LAB ASSISTANT | 9100-20000 | 12000-26050 | 1 |
| | PROC. ASSISTANT/ SALES ASSISTANT | 8500-17900 | 11200-23650 | 1 |
| | **TOTAL POSTS** | | | **3** |
| **CLASS 9 (200 AND BELOW LPD)** | | | | |
| | **NON TECHNICAL** | | | |
| | SECRETARY | 9100-20000 | 12000-26050 | 1 |
| | LAB ASSISTANT | 8500-17900 | 11200-23650 | 1 |

| | | | | |
|---|---|---|---|---|
| | PROC. ASSISTANT/ SALES ASSISTANT | 7750-14800 | 10100-19250 | 1 |
| | TOTAL POSTS | | | 3 |

ക്ഷീരസഹകരണ സംഘങ്ങളിൽ പാലും പാലുൽപ്പന്നങ്ങളുടെ സംസ്കരണവും നടത്തുന്നവരിൽ പ്രതിദിനം 5000 ലിറ്ററിന് മുകളിൽ പാൽ കൈകാര്യം ചെയ്യുന്നവർക്കായി താഴെ പറയും പ്രകാരം നാല് പ്രത്യേക സ്റ്റാഫ് പാറ്റേണുകൾ ഉണ്ടായിരിക്കുന്നതാണ്

| CLASS, DESIGNATION, PAY SCALE | | | | |
|---|---|---|---|---|
| SL NO | DESIGNATION | PRE REVISED SCALE | REVISED SCALE | NO OF POSTS |
| CLASS 1 – Super Grade (15001 AND ABOVE LPD) | | | | |
| | NON TECHNICAL | | | |
| 1 | SECRETARY | 32600-85000 | 42650-111150 | 1 |
| 2 | ASST. SECREATARY | 25900-68900 | 34510-90950 | 1 |
| 3 | SR. CLERK | 14800-39400 | 19250-51550 | 2 |
| 3 | JR. CLERK | 14080-36400 | 18400-48050 | 2 |
| 4 | LAB TECHNICIAN | 14800-39400 | 19250-51550 | 1 |
| 5 | DATA ENTRY OPERATOR | 12100-29900 | 15750-39650 | 1 |
| 6 | LAB ASSISTANT | 11800-28300 | 15400-36850 | 3 |
| 7 | PROC. ASSISTANT/ SALES ASSISTANT | 11000-25900 | 14450-34150 | 10 |
| 8 | ATTENDER/PEON | 10250-23100 | 13550-30150 | 1 |
| 9 | CLEANER | 10500-23800 | 13850-30950 | 2 |
| | TOTAL POSTS | | | 24 |
| | TECHNICAL | | | |
| 1 | TECHNICAL SUPERVISOR /PLANT MANAGER | 38400-88400 | 50350-115150 | 2 |
| 2 | QUAITY ASSURANCE OFFICER | 38400-88401 | 50350-115151 | 1 |
| 3 | MARKETING OFFICER) | 38400-88402 | 50350-115152 | 1 |
| 4 | PLANT OPERATOR/ BOILER OPERATOR | 12400-30800 | 16450-40650 | 3 |
| 5 | MARKETING ASSISTANT | 12100-29900 | 15750-39650 | 2 |
| 6 | LAB ASSISTANT | 11800-28300 | 15400-36850 | 2 |
| 7 | PLANT ASSISTANT | 11000-25900 | 14450-34150 | 5 |
| | TOTAL POSTS | | | 16 |

| CLASS, DESIGNATION, PAY SCALE | | | | |
|---|---|---|---|---|
| SL NO | DESIGNATION | PRE REVISED SCALE | REVISED SCALE | NO OF POSTS |
| CLASS 2 – Super Grade (10001 AND 15000 LPD) | | | | |
| | NON TECHNICAL | | | |
| 1 | SECRETARY | 29900-78300 | 39650-103550 | 1 |
| 2 | SR. CLERK | 14080-36400 | 18400-48050 | 2 |
| 3 | JR. CLERK | 13720-35400 | 18000-46950 | 2 |
| 4 | LAB TECHNICIAN | 14440-38400 | 18800-50350 | 1 |
| 5 | DATA ENTRY OPERATOR | 11800-28300 | 15400-36850 | 1 |
| 6 | LAB ASSISTANT | 11500-27500 | 15050-35950 | 3 |
| 7 | PROC. ASSISTANT/ SALES ASSISTANT | 10750-24500 | 14150-32550 | 8 |
| 8 | ATTENDER/PEON | 10500-23800 | 13850-30950 | 1 |
| 9 | CLEANER | 9650-21800 | 12750-28750 | 2 |
| | TOTAL POSTS | | | 21 |
| | TECHNICAL | | | |
| 1 | TECHNICAL SUPERVISOR /PLANT MANAGER | 38400-88400 | 50350-115150 | 1 |
| 2 | MARKETING OFFICER) | 14400-38400 | 18800-50350 | 1 |
| 3 | LAB TECHNICIAN | 14400-38400 | 18800-50350 | 1 |
| 4 | PLANT OPERATOR/ BOILER OPERATOR | 12400-30800 | 16450-40650 | 2 |
| 5 | MARKETING ASSISTANT | 11800-28300 | 15400-36850 | 1 |
| 6 | PLANT ASSISTANT | 10750-24500 | 14150-32550 | 4 |
| | TOTAL POSTS | | | 10 |

| CLASS, DESIGNATION, PAY SCALE | | | | |
|---|---|---|---|---|
| SL NO | DESIGNATION | PRE REVISED | REVISED SCALE | NO OF POSTS |

| | | SCALE | | |
|---|---|---|---|---|
| CLASS 3 – Super Grade (7501 AND 10000 LPD) | | | | |
| | NON TECHNICAL | | | |
| 1 | SECRETARY | 23800-65900 | 30950-85850 | 1 |
| 2 | SR. CLERK | 13720-35400 | 1800-46950 | 1 |
| 3 | JR. CLERK | 13000-32600 | 17200-42650 | 2 |
| 4 | DATA ENTRY OPERATOR | 11500-27500 | 15050-35950 | 1 |
| 5 | LAB ASSISTANT | 11250-26700 | 14750-35050 | 2 |
| 6 | PROC. ASSISTANT/ SALES ASSISTANT | 10500-23800 | 13850-30950 | 4 |
| 7 | ATTENDER/PEON | 9650-21800 | 12750-28750 | 1 |
| 8 | CLEANER | 9450-21200 | 12500-28050 | 2 |
| | **TOTAL POSTS** | | | **14** |

| | | | | |
|---|---|---|---|---|
| | **TECHNICAL** | | | |
| 1 | TECHNICAL SUPERVISOR /PLANT MANAGER | 38400-88400 | 50350-115150 | 1 |
| 2 | MARKETING OFFICER) | 13720-35400 | 18000-46950 | 1 |
| 3 | LAB TECHNICIAN | 14400-38400 | 18800-50350 | 1 |
| 4 | PLANT OPERATOR/ BOILER OPERATOR | 12400-30800 | 16450-40650 | 2 |
| 5 | MARKETING ASSISTANT | 11800-28300 | 15400-36850 | 1 |
| 6 | PLANT ASSISTANT | 10750-24500 | 14150-32550 | 2 |
| | **TOTAL POSTS** | | | **8** |

| CLASS, DESIGNATION, PAY SCALE | | | | |
|---|---|---|---|---|
| **SL NO** | **DESIGNATION** | **PRE REVISED SCALE** | **REVISED SCALE** | **NO OF POSTS** |
| **CLASS 4 – Super Grade (5001 AND 7500 LPD)** | | | | |
| | **NON TECHNICAL** | | | |
| 1 | SECRETARY | 17400-48500 | 23130-63050 | 1 |
| 2 | SR. CLERK | 13360-34400 | 17600-44750 | 1 |
| 3 | JR. CLERK | 12400-30800 | 16450-40650 | 1 |
| 4 | DATA ENTRY | 11250-26700 | 14750-35050 | 1 |

| | | | | |
|---|---|---|---|---|
| | OPERATOR | | | |
| 5 | LAB ASSISTANT | 11000-25900 | 14450-34150 | 2 |
| 6 | PROC. ASSISTANT/ SALES ASSISTANT | 10500-23800 | 13850-30950 | 4 |
| 7 | ATTENDER/PEON | 9450-21200 | 12500-28050 | 1 |
| 8 | CLEANER | 9250-20600 | 12250-27350 | 1 |
| | **TOTAL POSTS** | | | **12** |
| | **TECHNICAL** | | | |
| 1 | TECHNICAL SUPERVISOR /PLANT MANAGER | 38400-88400 | 50350-115150 | 1 |
| 2 | MARKETING OFFICER) | 13360-34400 | 17600-44750 | 1 |
| 3 | LAB ASSISTANT | 11000-25900 | 14450-34150 | 1 |
| 4 | PLANT OPERATOR/ BOILER OPERATOR | 11250-26700 | 14750-35050 | 2 |
| 5 | MARKETING ASSISTANT | 11250-26700 | 14750-35050 | 1 |
| 6 | PLANT ASSISTANT | 10500-23800 | 13850-30950 | 2 |
| 7 | CLEANER | 9250-20600 | 12250-27350 | 2 |
| | **TOTAL POSTS** | | | **10** |

## APPENDIX V

### Existing and Revised Scale of Pay

| Sl No | Existing Scale | Revised Scale |
|---|---|---|
| | 7750-125-8500-150-9250-200-10250-250-11500-300-13000-360-14800-420-16900-500-19400-600-22400-700-25900-800-29900-900-34400-1000-39400-1100-44900-1200-50900-1300-57400-1400-64400-1500-71900-1600-79900-1700-88400 | 10100-150-11000-200-12000-250-13250-300-15050-350-16800-400-18800-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-43650-1100-49150-1200-55150-1300-61650-1400-68650-1500-76150-1600-84150-1700-92650-1800-101650-1900-111150-2000-121150 |
| 1 | 7750-125-8500-150-9250-200-10250-250-11500-300-13000-360-14800 | 10100-150-11000-200-12000-250-13250-300-15050-350-16800-400-19250 |
| 2 | 8500-150-9250-200-10250-250-11500-300-13000-360-14800-420-16900-500-17900 | 11200-200-12000-250-13250-300-15050-350-16800-400-18800-450-21050-520-23650 |
| 3 | 8650-150-9250-200-10250-250-11500-300-13000-360-14800-420-16900-500-18900 | 11400-200-12000-250-13250-300-15050-350-16800-400-18800-450-21050-520-23650-600-24850 |
| 4 | 8950-150-9250-200-10250-250-11500-300-13000-360-14800-420-16900-500-19400 | 11800-200-12000-250-13250-300-15050-350-16800-400-18800-450-21050-520-23650-600-25450 |
| 5 | 9100-150-9250-200-10250-250-11500-300-13000-360-14800-420-16900-500-19400-600-20000 | 12000-250-13250-300-15050-350-16800-400-18800-450-21050-520-23650-600-26050 |
| 6 | 9250-200-10250-250-11500-300-13000-360-14800-420-16900-500-19400-600-20600 | 12250-250-13250-300-15050-350-16800-400-18800-450-21050-520-23650-600-26650-700-27350 |
| 7 | 9450-200-10250-250-11500-300-13000-360-14800-420-16900-500-19400-600-21200 | 12500-250-13250-300-15050-350-16800-400-18800-450-21050-520-23650-600-26650-700-28050 |
| 8 | 9650-200-10250-250-11500-300-13000-360-14800-420-16900-500-19400-600-21800 | 12750-250-13250-300-15050-350-16800-400-18800-450-21050-520-23650-600-26650-700-28750 |
| 9 | 10050-200-10250-250-11500-300-1 | 13250-300-15050-350-16800-400-18800-450- |

| | | |
|---|---|---|
| | 3000-360-14800-420-16900-500-19400-600-22400 | 21050-520-23650-600-26650-700-29450 |
| 10 | 10250-250-11500-300-13000-360-14800-420-16900-500-19400-600-22400-700-23100 | 13550-300-15050-350-16800-400-18800-450-21050-520-23650-600-26650-700-30150 |
| 11 | 10500-250-11500-300-13000-360-14800-420-16900-500-19400-600-22400-700-23800 | 13850-300-15050-350-16800-400-18800-450-21050-520-23650-600-26650-700-30150-800-30950 |
| 12 | 10750-250-11500-300-13000-360-14800-420-16900-500-19400-600-22400-700-24500 | 14150-300-15050-350-16800-400-18800-450-21050-520-23650-600-26650-700-30150-800-32550 |
| 13 | 11000-250-11500-300-13000-360-14800-420-16900-500-19400-600-22400-700-25900 | 14450-300-15050-350-16800-400-18800-450-21050-520-23650-600-26650-700-30150-800-34150 |
| 14 | 11250-250-11500-300-13000-360-14800-420-16900-500-19400-600-22400-700-25900-800-26700 | 14750-300-15050-350-16800-400-18800-450-21050-520-23650-600-26650-700-30150-800-34150-900-35050 |
| 15 | 11500-300-13000-360-14800-420-16900-500-19400-600-22400-700-25900-800-27500 | 15050-350-16800-400-18800-450-21050-520-23650-600-26650-700-30150-800-34150-900-38650 |
| 16 | 11800-300-13000-360-14800-420-16900-500-19400-600-22400-700-25900-800-28300 | 15400-350-16800-400-18800-450-21050-520-23650-600-26650-700-30150-800-34150-900-36850 |
| 17 | 12100-300-13000-360-14800-420-16900-500-19400-600-22400-700-25900-800-29900 | 15750-350-16800-400-18800-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-39650 |
| 18 | 12400-300-13000-360-14800-420-16900-500-19400-600-22400-700-25900-800-29900-900-30800 | 16450-350-16800-400-18800-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-40650 |
| 19 | 13000-360-14800-420-16900-500-19400-600-22400-700-25900-800-29900-900-32600 | 17200-400-18800-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-42650 |
| 20 | 13360-360-14800-420-16900-500-19400-600-22400-700-25900-800-29900-900-34400 | 17600-400-18800-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-43650-1100-44750 |
| 21 | 13720-360-14800-420-16900-500-19400-600-22400-700-25900-800-29900-900-34400-1000-35400 | 18000-400-18800-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-43650-1100-46950 |

| | | | |
|---|---|---|---|
| 22 | 14080-360-14800-420-16900-500-19400-600-22400-700-25900-800-29900-900-34400-1000-36400 | | 18400-400-18800-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-43650-1100-48050 |
| 23 | 14440-360-14800-420-16900-500-19400-600-22400-700-25900-800-29900-900-34400-1000-38400 | | 18800-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-43650-1100-49150-1200-50350 |
| 24 | 14800-420-16900-500-19400-600-22400-700-25900-800-29900-900-34400-1000-39400 | | 19250-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-43650-1100-49150-1200-51550 |
| 25 | 15220-420-16900-500-19400-600-22400-700-25900-800-29900-900-34400-1000-39400-1100-40500 | | 20150-450-21050-520-23650-600-26650-700-30150-800-34150-900-38650-1000-43650-1100-49150-1200-52750 |
| 26 | 17400-500-19400-600-22400-700-25900-800-29900-900-34400-1000-39400-1100-46100 | | 23130-520-23650-600-26650-700-30150-800-34150-900-38650-1000-43650-1100-49150-1200-52750 |
| 27 | 17400-500-19400-600-22400-700-25900-800-29900-900-34400-1000-39400-1100-44900-1200-49700 | | 23130-520-23650-600-26650-700-30150-800-34150-900-38650-1000-43650-1100-49150-1200-55150-1300-61650-1400-65850 |
| 28 | 23800-700-25900-800-29900-900-34400-1000-39400-1100-44900-1200-50900-1300-57400-1400-64400-1500-65900 | | 30950-800-34150-900-38650-1000-43650-1100-49150-1200-55150-1300-61650-1400-68650-1500-76150-1600-84150-1700-85850 |
| 29 | 25900-800-29900-900-34400-1000-39400-1100-44900-1200-50900-1300-57400-1400-64400-1500-68900 | | 34150-900-38650-1000-43650-1100-49150-1200-55150-1300-61650-1400-68650-1500-76150-1600-84150-1700-90950 |
| 30 | 29900-900-34400-1000-39400-1100-44900-1200-50900-1300-57400-1400-64400-1500-71900-1600-78300 | | 39650-1100-49150-1200-55150-1300-61650-1400-68650-1500-76150-1600-84150-1700-92650-1800-101650-1900-103550 |
| 31 | 32600-900-34400-1000-39400-1100-44900-1200-50900-130064400-1500-7190-1600-79900-1700-85000 | | 42650-1000-43650-1100-49150-1200-55150-1300-61650-1400-68650-1500-76150-1600-84150-1700-92650-1800-101650-1900-111150 |
| 32 | 34400-1000-39400-1100-44900-1200-50900-1300-57400-1400-64400-1500-71900-1600-79900-1700-86700 | | 44750-1100-49150-1200-55150-1300-61650-1400-68650-1500-76150-1600-84150-1700-92650-1800-101650-1900-111150-2000-113150 |
| 33 | 35400-1000-39400-1100-44900-1200-50900-1300-57400-1400-64400 | | 46950-1100-49150-1200-55150-1300-61650-1400-68650-1500-76150-1600-84150-1700-926 |

| | | | |
|---|---|---|---|
| | -1500-71900-1600-79900-1700-88400 | | 50-1800-101650-1900-111150-2000-115150 |
| 34 | 36400-1000-39400-1100-44900-1200-50900-1300-57400-1400-64400-1500-71900-1600-79900-1700-88400 | | 48050-1100-50350-1200-55150-1300-61650-1400-68650-1500-76150-1600-84150-1700-92650-1800-101650-1900-111150-2000-115150 |
| 35 | 38400-1000-39400-1100-44900-1200-50900-1300-57400-1400-64400-1500-71900-1600-79900-1700-88400 | | 50350-1200-55150-1300-61650-1400-68650-1500-76150-1600-84150-1700-92650-1800-101650-1900-111150-2000-115150 |

## APPENDIX Vl

### DA Statement

| w.e.f | G.O / Circular Number | G.O Date | Rate of DA (in %) | Cumulative DA (in %) |
|---|---|---|---|---|
| 01-01-2019 | GO(P) No.11/2021-DD | 26/02/2021 | 3 | 3 |
| 01-01-2019 | DDDKER/1065-2021-C1 | 11/05/2021 | 3 | 6 |
| 01-01-2020 | DDDKER/1065-2021-C1 | 11/05/2021 | 4 | 10 |
| 01-07-2020 | DDDKER/1065-2021-C1 | 11/05/2021 | 3 | 13 |
| 01-01-2021 | DDDKER/1095/2024-C1 | 16/03/2024 | 2 | 15 |
| 01-07-2021` | DDDKER/1095/2024-C1 | 11/12/2024 | 3 | 18 |
| 01-01-2022 | DDDKER/1670/2025-C1 | 25/04/2025 | 3 | 21 |
| 01-07-2022 | DDDKER/3641/2025-C1 | 03/09/2025 | 3 | 24 |
| 01-01-2023 | DDDKER/4706/2025-C1 | 05/11/2025 | 4 | 28 |

# APPENDIX VIl-A

## ഹയർ ഗ്രേഡ്

**(Cleaner, Attender, Peon, Procurement Assistant, Proc. Assistant/ Sales Assistant)**

| Pay Scale | 8 year | 15 year | 22 year | 27 year |
|---|---|---|---|---|
| 10100-19250 | 11200-23650 | 11400-24850 | 11800-25450 | 12000-26050 |
| 11200-23650 | 11400-24850 | 11800-25450 | 12000-26050 | 12250-27350 |
| 11400-24850 | 11800-25450 | 12000-26050 | 12250-27350 | 12500-28050 |
| 11800-25450 | 12000-26050 | 12250-27350 | 12500-28050 | 12750-28750 |
| 12000-26050 | 12250-27350 | 12500-28050 | 12750-28750 | 13250-29450 |
| 12250-27350 | 12500-28050 | 12750-28750 | 13250-29450 | 13250-30950 |
| 12500-28050 | 12750-28750 | 13250-29450 | 13250-30950 | 13550-30150 |
| 12750-28750 | 13250-29450 | 13250-30950 | 13550-30150 | 13850-30950 |
| 13250-29450 | 13250-30950 | 13550-30150 | 13850-30950 | 14150-32550 |
| 13250-30950 | 13550-30150 | 13850-30950 | 14150-32550 | 14450-34150 |
| 13550-30150 | 13850-30950 | 14150-32550 | 14450-34150 | 14750-35050 |
| 13850-30950 | 14150-32550 | 14450-34150 | 14750-35050 | 15050-35950 |
| 14150-32550 | 14450-34150 | 14750-35050 | 15050-35950 | 15400-36850 |
| 14450-34150 | 14750-35050 | 15050-35950 | 15400-36850 | 15750-39650 |
| 14750-35050 | 15050-35950 | 15400-36850 | 15750-39650 | 16450-40650 |
| 15050-35950 | 15400-36850 | 15750-39650 | 16450-40650 | 17200-42650 |

## APPENDIX Vll-B

## ഹയർ ഗ്രേഡ്

### SECRETARY, ASSISTANT SECRETARY, BRANCH SUPERVISOR, SENIOR CLERK, WELFARE OFFICER, LAB TECHNICIAN, LAB ASSISTANT, DATA ENTRY OPERATOR

| Pay Scale | 8 years | 15 years | 22 years |
|---|---|---|---|
| 12000-26050 | 12250-27350 | 12500-28050 | 12750-28750 |
| 12250-27350 | 12500-28050 | 12750-28750 | 13250-29450 |
| 12500-28050 | 12750-28750 | 13250-29450 | 13250-30950 |
| 12750-28750 | 13250-29450 | 13250-30950 | 13550-30150 |
| 13250-29450 | 13250-30950 | 13550-30150 | 13850-30950 |
| 13250-30950 | 13550-30150 | 13850-30950 | 14150-32550 |
| 13550-30150 | 13850-30950 | 14150-32550 | 14450-34150 |
| 13850-30950 | 14150-32550 | 14450-34150 | 14750-35050 |
| 14150-32550 | 14450-34150 | 14750-35050 | 15050-35950 |
| 14450-34150 | 14750-35050 | 15050-35950 | 15400-36850 |
| 14750-35050 | 15050-35950 | 15400-36850 | 15750-39650 |
| 15050-35950 | 15400-36850 | 15750-39650 | 16450-40650 |
| 15400-36850 | 15750-39650 | 16450-40650 | 17200-42650 |
| 15750-39650 | 16450-40650 | 17200-42650 | 17600-44750 |
| 16450-40650 | 17200-42650 | 17600-44750 | 18000-46950 |
| 17200-42650 | 17600-44750 | 18000-46950 | 18400-48050 |
| 17600-44750 | 18000-46950 | 18400-48050 | 18800-50350 |
| 18000-46950 | 18400-48050 | 18800-50350 | 19250-51550 |
| 18400-48050 | 18800-50350 | 19250-51550 | 20150-52750 |
| 18800-50350 | 19250-51550 | 20150-52750 | 23130-60350 |
| 19250-51550 | 20150-52750 | 23130-60350 | 23130-63050 |
| 20150-52750 | 23130-60350 | 23130-63050 | 30950-85850 |
| 23130-60350 | 23130-63050 | 30950-85850 | 34150-90950 |
| 23130-63050 | 30950-85850 | 34150-90950 | 39650-103550 |
| 30950-85850 | 34150-90950 | 39650-103550 | 42650-111150 |
| 34150-90950 | 39650-103550 | 42650-111150 | 50350-115150 |
| 39650-103550 | 42650-111150 | 50350-115150 | |
| 42650-111150 | 50350-115150 | | |

## APPENDIX Vll-C

## ഹയർ ഗ്രേഡ്

## TECHNICAL SUPERVISOR (LAB), TECHNICAL SUPERVISOR (PLANT) TECHNICAL SUPERVISOR (FARM)

| Pay Scale | 8 years | 15 years | 22 years |
|---|---|---|---|
| 15750-39650 | 16450-40650 | 17200-42650 | 17600-44750 |
| 16450-40650 | 17200-42650 | 17600-44750 | 18000-46950 |
| 50350-115150 | 51550-117150 | 52750-119150 | 53950-121150 |